മിഷൻ -676

96(796) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ-676-ൽ ഉൾപ്പെടുത്തി 'ഗോഡ്സ് ഓൺ കൺട്രി - പീപ്പിൾസ് ഓൺ ടൂറിസം' എന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ടെന്നും, ഓരോന്നിനും എത്ര തുക വീതം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി ആകെ അനുവദിച്ച തുകയും ഇതുവരെ ചെലവഴിച്ച തുകയും എത്രയാണെന്നും ഏതെല്ലാം പദ്ധതിക്കായിട്ടാണെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) 2014-15 കാലയളവിൽ 'ഉത്തരവാദിത്വ ടൂറിസം' പദ്ധതിക്ക് അനുവദിച്ച ഫണ്ടിൽനിന്നും 5 ലക്ഷം രൂപ ഉപയോഗിച്ച് ചക്കുപള്ളം, മറയൂർ, കാന്തല്ലൂർ (ഇടുക്കി ജില്ല), നൂൽപ്പുഴ, പുൽപ്പള്ളി (വയനാട് ജില്ല) എന്നീ അഞ്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 'ഗോഡ്സ് ഓൺ കൺട്രി- പീപ്പിൾസ് ഓൺ ടൂറിസം' പദ്ധതി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. 2015-16 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി അനുവദിച്ച 25 ലക്ഷം രൂപ വലിയപറമ്പ (കാസർഗോഡ്), നിലമ്പൂർ മുനിസിപ്പാലിറ്റി (മലപ്പുറം), വെള്ളിനേഴി (പാലക്കാട്), അതിരപ്പിള്ളി (തൃശ്ശൂർ), കടമക്കുടി (എറണാകുളം), വൈക്കം മുനിസിപ്പാലിറ്റി (കോട്ടയം), വെങ്ങാന്നൂർ (തിരുവനന്തപുരം) എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണത്തിനാണ് വിനിയോഗിക്കുന്നത്. ഗോഡ്സ്ഓൺ കൺട്രി-പീപ്പിൾസ് ഓൺ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 112 പഞ്ചായത്തുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.

* ഫൈബറിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly